# Weekly Devotion - August 2017

# The freedom of a believer

## (ഒരു വിശ്വാസിയുടെ സ്വാതന്ത്ര്യം)




15th August 1947 ൽ സ്വാതന്ത്ര്യം കരസ്ഥമാക്കിയ ഭാരതം, 15th August 2017 ആയപ്പോഴേക്കും സ്വാതന്ത്ര്യം നഷ്ടപ്പെട്ട അവസ്ഥയിലായിത്തീർന്നു. ഇന്ന് കഷ്ടങ്ങളും നഷ്ടങ്ങളും  മാത്രം കണ്ട് ഭയത്തോടെ ജീവിതം നയിക്കുന്നവ രാണ് ഭൂരിഭാഗം ഇൻഡ്യാക്കാരും. സത്യം നഷ്ടമായിക്കൊണ്ടിരിക്കുന്നു ചതിവും വഞ്ചനയും വർദ്ധിക്കുന്നു.

എന്നാൽ ഭയപ്പെടേണ്ട എന്ന് ഈ അവസരത്തിലും നമ്മോടു പറയുന്ന, പൂർണ്ണ സ്വാതന്ത്ര്യം നേടിത്തരുന്നയാളാണ് യേശു. ആൾബലമോ ആയുധമോ ഇല്ലാതെ സംരക്ഷണം വേണ്ടാത്ത ഒന്നാണ് സുവിശേഷം. സുവിശേഷം ശക്തമാ ണ്. അതിന് ഹൃദയങ്ങളെ രൂപപ്പെടുത്തുവാനുള്ള ശക്തിയുണ്ട് ജീവന്റെ ആത്മാ വിന്റെ പ്രമാണം നമുക്ക് പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്ന് ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു. (റോമർ 8:2)

ഒന്നാമതായി ക്രിസ്തുവിൽ സ്വാതന്ത്ര്യം നേടിയ ഒരു വ്യക്തി ഭയത്തിനടിമ യാകാതെ ശക്തിയുള്ള സാക്ഷിയായിത്തീരുന്നു. ഒരിക്കൽ റഷ്യക്കാരനായ ഒരു army officer ഒരു സഭാശുശ്രൂഷന്റെ മുറിയിലേക്ക് കടന്നു ചെന്ന് വാതില ടച്ചു.ക്രിസ്തുമതം തെറ്റാണെന്നും ഞാൻ അതിൽ വിശ്വസിക്കുന്നില്ല എന്നും പറ യണമെന്ന് സഭാശുശ്രൂഷകനോട് ആവശ്യപ്പെട്ടു. ഒരു പുഞ്ചിരിയോടെ നിന്ന അദ്ദേഹത്തോട് officer പറഞ്ഞു ഇവിടെ നമ്മൾ മാത്രമേയുള്ളു മറ്റാരും കേൾക്കുമെന്ന് ഭയപ്പെടേണ്ട ധൈര്യമായി പറയുക. സഹോദരാ ഞാൻ അങ്ങനെ പറഞ്ഞാൽ കള്ളമായിപ്പോകുമല്ലോ എന്ന് ശുശ്രൂഷകൻ പറഞ്ഞു. തോക്കുചൂണ്ടി വീണ്ടും അയാൾ ശുശ്രൂഷകനെ ഭയപ്പെടുത്തി. മരിക്കേണ്ടി വന്നാലും എന്റെ വിശ്വാസത്തെ ഞാൻ തള്ളിപ്പറയുകയില്ല. ഒന്നിനെയും ഭയക്കു

ന്നില്ല യേശുവിൽ ഞാൻ വിശ്വസിക്കുന്നു എന്ന് ശുശ്രൂഷകൻ പറഞ്ഞയുടനെ തോക്കുകളഞ്ഞ Armyofficer അദ്ദേഹത്തെ ആലിംഗനം ചെയ്തു പറഞ്ഞത് എനിക്ക് ഇതായിരുന്നു കേൾക്കേണ്ടത്. ഇതാണ് യഥാർത്ഥ സത്യം ഈ സത്യം എന്നെയും സ്വതന്ത്രനാക്കി എന്നായിരുന്നു.

Acts (4:10) ൽ യെരുശലേമിൽ ഒന്നിച്ചു കൂടിയ മുന്തിയ അധികാരികളുടെ മുമ്പിൽ നിന്ന് നിങ്ങൾ ക്രൂശിച്ച യേശുവിന്റെ നാമത്തിലിവൻ സൗഖ്യമായി എന്ന് പത്രോസ് വിളിച്ചുപറഞ്ഞു. ക്രിസ്തു മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേറ്റതിന് ഞങ്ങൾ സാക്ഷികൾ എന്ന് പറയുവാൻ ഭയമില്ലായിരുന്നു. യേശുവിനെ പ്രസംഗിക്കരുതെന്ന ആജ്ഞയും അവർ തള്ളികളഞ്ഞു Act 4:16-19)

രണ്ടാമതായി ദൈവത്തിന്റെ വചനം സത്യമെന്ന് മനസ്സിലാക്കുന്നവൻ ക്രിസ്തുവിൽ സ്വതന്ത്രനാകുന്നു. അതായത് സത്യം ഗ്രഹിക്കുന്ന നിമിഷം തന്നെ ആ വ്യക്തി സ്വതന്ത്രനുമാകുന്നു. ഇതാണ് യഥാർത്ഥ സ്വാതന്ത്രം. ഉദാഹരണമായി മുടിയനായ പുത്രൻ പാപം ചെയ്തു എന്ന സത്യം മനസ്സിലാക്കിയ നിമിഷം അവനിൽ സുബോധം വന്നു. അപ്പനിൽ നിന്നകറ്റിയ പാപത്തിൽ നിന്ന് അവൻ സ്വതന്ത്രനായി (ലൂക്കോ:15:18-20)

മൂന്നാമതായി ക്രിസ്തുവിൽ സ്വാതന്ത്രം നേടിയവൻ ക്രിസ്തുവിന്റെ ദാസനായിരിക്കും. ഇത് ക്രിസ്തു തന്നെ ശിഷ്യന്മാരുടെ കാൽകഴുകിവ്യക്തമാക്കി കൊടുക്കുന്നു. (യോഹ:13:14-16) നാലാമതായി ക്രിസ്തുവിൽ സ്വാതന്ത്രം നേടിയവന് അവന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കുള്ള പദവിയും അവകാശവും ലഭ്യമാകുന്നു. ലൂക്കോ (19:8,9) വാക്യങ്ങളിൽ ക്രിസ്തു ഉള്ളിൽ വന്നതിനാൽ ആരും ചോദിക്കാതെ പാപങ്ങൾ ഏറ്റു പറഞ്ഞ സക്കായിയെകാണാം, ഇവൻ അബ്രഹാമിന്റെ മകനാകയാൽ ഇന്ന് ഈ വീടിന് രക്ഷവന്നു എന്ന് യേശു പറയുന്നത് ഇതിന്റെ തെളിവാണ് . (വിശ്വാസികളാണ് അബ്രഹാമിന്റെ മക്കൾ ഗലാ.3:6)

പ്രിയരേ! പണ്ടത്തെ പല പാപങ്ങളും പുതിയ പേരിൽ പാപമല്ലാതെ പുറത്തു വന്നിട്ടുണ്ട്. ആ പാപത്തിലകപ്പെടാതെ വചനം ഹൃദയത്തിൽ സംഗ്രഹിച്ച് സ്വതന്ത്രരായി ഭയമില്ലാതെ ജീവിപ്പാൻ ദൈവം സഹായിക്കട്ടെ.

## പ്രാർത്ഥന

ഞങ്ങളെ സ്നേഹിക്കുന്ന ദൈവമേ അപ്പന്റെ സ്നേഹം തിരിച്ചറിഞ്ഞ് അപ്പന്റെ സംരക്ഷണയിൽ കഴിയുന്ന മക്കളാക്കി ഞങ്ങളെ തീർക്കേണമേ. മക്കൾ എന്ന പദവി നിലനിർത്തി സ്വാതന്ത്രം പ്രാപിപ്പാൻ ഇടയാക്കേണമേ.

ആമേൻ.

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind